**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 174** **23-08-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആരോഗ്യക്ഷേമ പദ്ധതികളുടെ വിശദാംശം നൽകാമോ; | (എ) | **നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ നടപ്പിലാക്കിയ ആരോഗ്യക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**സുരക്ഷിത് മാതൃത്വ ആശ്വാസൻ (സുമൻ)**<br>ഗർഭാവസ്ഥയിലും പ്രസവസമയത്തും പ്രസവാനന്തരവും അമ്മയ്ക്കും കുഞ്ഞിനും മികച്ചതും ഗുണമേന്മയുള്ളതുമായ ചികിത്സ ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പല സേവനങ്ങൾ ജെ. എസ്. വൈ,<br><br>ജെ.എസ്.എസ്.കെ, ക്വാളിറ്റി സ്റ്റാൻഡേർഡ് സ് തുടങ്ങിയവ ഒരു കുടക്കീഴിൽ കൊണ്ടു വരികയും ഇവയെപ്പറ്റി അമ്മമാർക്ക് അ വബോധം നൽകുക. എല്ലാ മാതൃ- നവജാതശിശു മരണങ്ങളും അസുഖങ്ങളും തടയുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയിൽ നിലവിൽ മൂന്നു തരം സേവന പാക്കേജുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ കുട്ടികൾക്കായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ? | (ബി) | ആരോഗ്യ വകുപ്പിന് കീഴിൽ നിലവിൽ കുട്ടികൾക്കായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**1.രാഷ്ട്രീയ ബാൽസ്വാസ്ഥ്യ കാര്യക്രം (RBSK)**<br><br>18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങളുടെ കണ്ടെത്തലും തുടർന്ന് ശസ്ത്രക്രിയ ഉൾപ്പടെയുള്ള വിവിധ ചികിത്സകളും, മറ്റ് സേവനങ്ങളും രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം എന്ന പദ്ധതി യിലൂടെ നടപ്പിലാക്കി വരുന്നു. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകൾ |

ഉൾപ്പെടെയുള്ള ആശുപത്രി കൾ വഴിയും, പ്രത്യേക ചികിത്സകൾ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രി കൾ വഴിയും കുട്ടികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധങ്ങളായ ചികിത്സാ സേവനങ്ങൾ തെരഞ്ഞെടുത്ത് ലിസ്റ്റ് ചെയ്തിട്ടുള്ള 30 രോഗങ്ങൾക്ക് സൗജന്യമായി നൽകി വരുന്നുണ്ട്.

**2. ആരോഗ്യ കിരണം**

ആർ. ബി എസ്.കെയിൽ ഉൾപ്പെട്ട 30 അസുഖങ്ങൾക്ക് ഒഴികെയുള്ള ചികിത്സയാണ് ആരോഗ്യ കിരണം വഴി സൗജന്യമാക്കിയിരിക്കുന്നത്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. ഗുണഭോക്താക്കളുടെ രക്ഷിതാക്കൾ ആദായനികുതി അടയ്ക്കുന്നവരോ സർക്കാർ ഉദ്യോഗസ്ഥരോ ആയിരിക്കരുത്. കാസ്പ്, താലോലം, കെ.ബി.എഫ് തുടങ്ങിയ സ്കീമുകൾ ഉപയോഗപ്പെടുത്തിയ ശേഷം മാത്രമേ ആനുകൂല്യം ലഭ്യമാവുകയുള്ളൂ.

**3. ഹൃദ്യം**

RBSK പദ്ധതി പ്രകാരം 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ ലഭ്യമാക്കുന്നതിന് വേണ്ടി പ്രത്യേകമായി നടപ്പാക്കുന്ന പദ്ധതിയാണിത്. ടി പദ്ധതിക്കുവേണ്ടി ഒരു സോഫ്റ്റ് വെയർ ആവിഷ്കരിക്കുകയും ഹൃദ്രോഗമുള്ള കുട്ടികളെ സോഫ്റ്റ് വെയർ മുഖാന്തിരം രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായ ത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. ഈ സോഫ്റ്റ് വെയറിന് നൽകിയിരിക്കുന്ന പേര് 'ഹൃദ്യം' എന്നാണ്.

**4. സുരക്ഷിത് മാതൃത്വ ആശ്വാസൻ (സുമൻ)**

ഗർഭാവസ്ഥയിലും പ്രസവസമയത്തും പ്രസവാനന്തരവും അമ്മയ്ക്കും കുഞ്ഞിനും മികച്ചതും ഗുണമേന്മയുള്ളതുമായ ചികിത്സ ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പല സേവനങ്ങൾ ജെ എസ് വൈ,

ജെഎസ്എസ്കെ, ക്വാളിറ്റി സ്റ്റാൻഡേർഡ് സ് തുടങ്ങിയവ ഒരു കുടക്കീഴിൽ കൊണ്ടു വരികയും ഇവയെപ്പറ്റി അമ്മമാർക്ക് അവബോധം നൽകുക എല്ലാമാതൃ-നവ ജാതശിശു മരണങ്ങളും അസുഖങ്ങളും തടയുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയിൽ നിലവിൽ മൂന്നു തരം സേവന പാക്കേജുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**5. <u>ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ(DEIC)</u>**

കുട്ടികളുടെ വളർച്ചയും വികാസവുമായി സംബന്ധിക്കുന്ന ആരോഗ്യപ്രശ്നങ്ങളേയും വൈകല്യങ്ങളേയും കാലേക്കൂട്ടി തിരിച്ചറി യാനും, ഫലപ്രദമായ ചികിത്സയും സേവനങ്ങളും ലഭ്യമാക്കുന്നതിലേയ്ക്കുമായി എല്ലാ ജില്ലകളിലും ആർ.ബി.എസ്.കെ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ നൂതന സംവിധാനമാണ് ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി). ശിശുരോഗ വിദഗ്ധൻ, ദന്തൽ സർജൻ, കൂടാതെ വിദഗ്ധരായ തെറാപ്പിസ്റ്റുകൾ (ഫിസിയോതെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ഒപ്റ്റോമെട്രിസ്റ്റ്, ദന്തൽ ഹൈജിനിസ്റ്റ്) തുടങ്ങിയവരെ ഓരോ ഡി.ഇ.ഐ.സി യിലും നിയമിച്ചിട്ടുണ്ട്. ഹോസ്പിറ്റലിൽ നിന്ന് റെഫർ ചെയ്യുന്ന കുഞ്ഞുങ്ങൾക്ക് ഡി.ഇ.ഐ.സി യിൽ നിന്നും വേണ്ട ചികിത്സ നൽകി പരിചരിക്കുന്നു. ആവശ്യമെങ്കിൽ സ്പെഷ്യാലിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് റെഫർ ചെയ്യുന്നു.

**6.<u>ദേശീയ അന്ധതാ നിവാരണ കാഴ്ച നിയന്ത്രണ പദ്ധതി</u>**

ദേശീയ അന്ധതാ നിയന്ത്രണ കാഴ്ച വൈകല്യ പദ്ധതിയുടെ കീഴിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് കേരളത്തിൽ ഒട്ടാകെ നേത്ര പരിശോധന നടത്തി കണ്ണടയും ചികിത്സയും നൽകുന്നു.

**<u>7. ക്ഷയരോഗ നിർമ്മാർജ്ജന പദ്ധതി</u>**

5 വയസ്സിൽ താഴെയുള്ള കുട്ടികളിൽ Interferon Gamma Release Assay(IGRA) പരിശോധന ഇല്ലാതെയും 5 മുതൽ 15 വയസ്സിന് താഴെയുള്ള

| | | | |
|---|---|---|---|
| | | | കുട്ടികളിൽ IGRA പരിശോധന നടത്തിയും രോഗബാധ നിർണ്ണയിക്കുന്നവരിൽ Central TB Division, Government of India അംഗീകരിച്ച 3 HR ( 3 Months INH Rifampicin regimen നല്കിയും പൂർണ്ണമായും സൗജന്യമായി ചെയ്യുന്ന പദ്ധതിയാണിത്. 5നും 14 നും ഇടയിൽ പ്രായമുള്ള കുട്ടികളിൽ 2020 നവംബർ 1-ന് കേരളത്തിൽ തുടക്കമിട്ട Latent TB infection Management with test and treat policy, എന്ന പദ്ധതിയിൽ 5 വയസ്സിൽ താഴെയുള്ള അർഹരായ 2362 കുട്ടികളിൽ 1574 പേർക്ക് പ്രതിരോധ ചികിത്സ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>2021 ഒക്ടോബർ മുതൽ സംസ്ഥാനത്ത് TB infection with Test and Treat Policy 15 വയസ്സിനും അതിന് മുകളിലുള്ളവരിലും നടപ്പിലാക്കിവരുന്നു.<br><br>**8.** ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പദ്ധതി പ്രകാരം വാക്സിനേഷൻ കൊണ്ട് തടയാവുന്ന രോഗങ്ങൾക്ക് എതിരെ വാക്സിനേഷൻ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ